# സംസ്ഥാന ഫുഡ് സേഫ്റ്റി കമ്മീഷണറുടെ
# അറിയിപ്പ്

## തിരുവനന്തപുരം ജില്ലയിലെ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരുടെ ശ്രദ്ധയ്ക്ക്

തിരുവനന്തപുരം ജില്ലയിൽ അടിക്കടിയുണ്ടാക്കുന്ന ഭക്ഷ്യവിഷബാധ തടയുന്നതിന്റെ ഭാഗമായി ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർ ഉടനടി പാലിക്കാനായി താഴെ പറയുന്ന നിർദ്ദേശ്ശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. സംസ്ഥാനത്തിന് പുറത്ത് നിന്നും കോഴിയിറച്ചി, മാട്ടിറച്ചി തുടങ്ങിയവ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് (ലൈസൻസിംഗ് / രജിസ്ട്രേഷൻ) റഗുലേഷനിൽ പറയുന്ന പ്രകാരം ശീതികരിച്ചതും വൃത്തിയുള്ളതുമായ സംവിധാനങ്ങളിൽ മാത്രമേ സംസ്ഥാനത്തിനകത്തേക്ക് കൊണ്ടുവരുവാനും വിതരണം ചെയ്യുവാനും പാടുള്ളൂ.
2. കോഴിയിറച്ചി, മാട്ടിറച്ചി തുടങ്ങിയവ Non-vegetarian ഹോട്ടൽ/റെസ്റ്റോറന്റ്/കാന്റീൻ എന്നിവിടങ്ങളിൽ സപ്ലൈ ചെയ്യുന്നവർ പ്രസ്തുത സൗകര്യങ്ങൾ ഉണ്ടെന്നുള്ളതിന് ഉള്ള തെളിവ് സഹിതം ജില്ലാ ഫുഡ് സേഫ്റ്റി ഓഫീസർക്ക് രജിസ്ട്രേഷൻ/ ലൈസൻസ് എടുക്കുന്നതിന് 15 ദിവസത്തിനകം അപേക്ഷ നൽകേണ്ടതാണ്.
3. മാനദണ്ഡങ്ങൾ പാലിക്കാതെ ഇറച്ചി കടത്തുന്നവർക്കെതിരെയും ലൈസൻസ് ഇല്ലാത്തവർക്കെതിരെയും വാഹനം പിടിച്ചെടുക്കൽ, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ടിന്റെ സെക്ഷൻ 69 പ്രകാരം ഒരു ലക്ഷം രൂപ വരെ പിഴചുമത്തൽ – തുടങ്ങിയ കർശനനിയമനടപടികൾ മറ്റൊരു മുന്നറിയിപ്പില്ലാതെ സ്വീകരിക്കുന്നതാണ്.
4. തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന Non-vegetarian ഹോട്ടൽ/ റെസ്റ്റോറന്റ്/ കാന്റീൻ/തട്ടുകടകൾ തുടങ്ങിയവ നടത്തുന്ന ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർ 2012 സെപ്റ്റംബർ 5-നകം രജിസ്ട്രേഷൻ/ലൈസൻസ് നിർബന്ധമായും എടുത്തിരിക്കണം. ഫുഡ് സേഫ്റ്റി കമ്മീഷണർ 2012 ജൂലൈ 24-ന് പുറപ്പെടുവിച്ച സർക്കുലറിൽ പറയുന്ന നിബന്ധനകൾ പാലിക്കുന്നതോടൊപ്പം ഖണ്ഡിക 7-ൽ നിഷ്കർഷിക്കുന്ന പ്രകാരം കോഴിയിറച്ചി, മാട്ടിറച്ചി തുടങ്ങിയവ തങ്ങൾക്ക് ലഭ്യമാക്കുന്ന ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാരുടെ പേര്, അഡ്രസ്സ്, വാഹനനമ്പർ, ഫോൺ നമ്പർ, രജിസ്ട്രേഷൻ/ ലൈസൻസ് നമ്പർ മറ്റുവിവരങ്ങൾ എന്നിവ നിശ്ചിതഫോറത്തിൽ സെപ്റ്റംബർ 5-നകം ജില്ലാഫുഡ് സേഫ്റ്റി ഓഫീസർക്ക് നൽകിയിരിക്കണം. ഈ നിബന്ധന '5 സ്റ്റാർ' ഹോട്ടൽ മുതൽ മാംസാഹാരം വിളമ്പുന്ന തട്ടുകടകൾക്ക് വരെ ബാധകമാണ്. ഇതിനുവേണ്ടിയുള്ള ഫാറം ഫുഡ് സേഫ്റ്റി കമ്മിഷണറേറ്റിന്റെ വെബ്സൈറ്റായ 'www.foodsafety.kerala.gov.in' ലും ജില്ലാ/സർക്കിൾ ഫുഡ് സേഫ്റ്റി ഓഫീസുകളിലും ലഭ്യമാണ്.
5. സെപ്റ്റംബർ 6 മുതൽ തിരുവനന്തപുരം ജില്ലയിൽ മുഴുവനും ഫുഡ് സേഫ്റ്റി കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകൾ പരിശോധന നടത്തുന്നതും രജിസ്ട്രേഷൻ/ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതും മേൽപറഞ്ഞ രീതിയിൽ വിവരങ്ങൾ നൽകാതെ ഇരിക്കുകയോ രജിസ്റ്റർ സൂക്ഷിക്കാത്തതുമായ Non-vegetarian ആഹാരം വിളമ്പുന്ന ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്കെതിരെ ഇനി മറ്റൊരു മുന്നറിയിപ്പും ഇല്ലാതെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ടിന്റെ സെക്ഷൻ 30-ൽ അധികാരപ്പെടുത്തിയ പ്രകാരം "പൊതുജനാരോഗ്യത്തിന് ഹാനീകരം" എന്നരീതി യിൽ പ്രവർത്തനം നിർത്തിവെയ്പ്പിച്ച് കൊണ്ട് നിരോധനാജ്ഞ പുറപ്പെടുവിക്കുന്നതാണ്.

(ഒപ്പ്)

10-08-2012

ഫുഡ് സേഫ്റ്റി കമ്മിഷണർ